(സി)

	പദ്ധതി	പ്രവർത്തനം ആരംഭിച്ച വർഷം	അടങ്കൽ തുക
1.	പിറവം ശുദ്ധജലവിതരണ പദ്ധതി	1992	497 ലക്ഷം രൂപ
2.	ആമ്പല്ലൂർ-ഇടയ്ക്കാട്ടുവയൽ ഉദയംപേരൂർ പദ്ധതി	1993	269 ലക്ഷം രൂപ
3.	തിരുമാറാടി സമീപ വില്ലേജുകൾക്കായുള്ള പദ്ധതി	1999	785 ലക്ഷം രൂപ

(ഡി) പിറവം പദ്ധതി 3/2001-ലും, ആമ്പല്ലൂർ പദ്ധതി 12/2001-ലും, തിരുമാറാടി പദ്ധതി 12/2002-ലും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) പിറവം ശുദ്ധജലവിതരണ പദ്ധതിയുടെ വെൽ-കം-പമ്പ് ഹൗസ്, റാ വാട്ടർ പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ്, ജലസംഭരണികൾ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്ക്, ഗ്രാവിറ്റിമെയിൻ എന്നിവ പൂർത്തികരിച്ചിട്ടുണ്ട്. ആമ്പല്ലൂർ പദ്ധതിയുടെ ജലസംഭരണികളും കാഞ്ഞിരമറ്റത്തുള്ള നിർദ്ദിഷ്ട ഓവർ ഹെഡ് ടാങ്ക് ഒഴികെയുള്ള ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. തിരുമാറാടി പദ്ധതിയുടെ ജലസംഭരണിയുടേയും മറ്റും, നിർമ്മാണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. വെൽ-കം പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ മേൽപ്പറഞ്ഞ മൂന്ന് പദ്ധതികൾക്കും സംയുക്തമായിട്ടുള്ളതാണ്.

(എഫ്) പിറവം പദ്ധതി 3/2001-ലും, തിരുമാറാടി പദ്ധതി 12/2002-ലും, ആമ്പല്ലൂർ പദ്ധതി 12-2-2001-ലും പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) കമ്മീഷൻ ചെയ്യുമ്പോൾ പിറവം പദ്ധതിക്ക് 887 ലക്ഷം രൂപയും, ആമ്പല്ലൂരിന് 462 ലക്ഷം രൂപയും തിരുമാറാടിക്ക് 785 ലക്ഷം രൂപയും ചെലവാകും എന്ന് പ്രതീക്ഷിക്കുന്നു.

ലേബർ അജണ്ട പ്രകാരമുള്ള ആനുകൂല്യങ്ങൾ

55(262). ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള ലേബർ അജണ്ടയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലേബർ അജണ്ടയിൽ വിവിധ ക്ഷേമനിധികൾ നിറുത്തലാക്കി ഒരു സംയോജിക ക്ഷേമനിധി ആവിഷ്ക്കരിക്കാൻ പദ്ധതിയുണ്ടോ ;

(സി) ലേബർ അജണ്ടയുടെ നടത്തിപ്പു തൊഴിലാളികളുടെ താൽപ്പര്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ഏതെങ്കിലും സംഘടന വിമർശനം ഉന്നിയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) പുതിയ അജണ്ട പ്രകാരം തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭിക്കും ?

ഉത്തരം

(എ) തൊഴിലാളികളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധി ലക്ഷ്യമാക്കി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന ഒരു 12 ഇനപരിപാടിയാണ് ലേബർ അജണ്ട- 2000. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ക്ഷേമനിധികൾ നിറുത്തലാക്കാൻ ഉദ്ദേശിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഉദ്ദേശിച്ച് ഒരു ലേബർ അതോറിറ്റി സ്ഥാപിക്കുവാൻ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അനുബന്ധമായി ചേർത്തിട്ടുള്ള വിവരങ്ങൾ കാണുക. ലേബർ അജണ്ട തൊഴിലാളി വർഗ്ഗത്തിന്റെ സർവതോൻമുഖമായ ക്ഷേമവും വികസനവും അതുവഴി മെച്ചപ്പെട്ട ജീവിതക്രമവും ഉറപ്പുവരുത്തും.

ലേബർ അക്കാഡമി സ്ഥാപിക്കുവാൻ നടപടി

56(263) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലേബർ അക്കാഡമി സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് ഇത് സ്ഥാപിക്കുക ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതിനായി ഗവൺമെന്റ് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

---

†അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XIV

[19-12-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55 (262) -ന്റെ 'എ' ഉത്തരം ദയവായി കാണുക]

ലേബർ അജണ്ട, 2000

പുതിയ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പ് വരുത്താൻ ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പത്തിന കർമ്മപദ്ധതിയാണ് ലേബർ അജണ്ട, 2000.

ലേബർ അജണ്ട, 2000-ൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികൾക്ക് അവശ്യഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കും.

2. വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ നൽകാൻ ഒരു ലേബർ കമ്മീഷൻ രൂപീകരിക്കും.

3. എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പൂർണ്ണപാർപ്പിട പദ്ധതി നടപ്പാക്കും.

4. തൊഴിലാളികളുടെ സുരക്ഷയ്ക്കായി സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കും.

5. തൊഴിലാളികളുടെ മക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ ഒരു ലേബർ അക്കാഡമി സ്ഥാപിക്കും.

6. ആഗോളവത്കൃത സമൂഹത്തിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കാനും പുത്തൻ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽ രംഗത്ത് ഗവേഷണപഠനങ്ങൾ നടത്താനുമായി അന്തർദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ റിലേഷൻസ് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കും. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് പുനഃസംഘടിപ്പിച്ചായിരിക്കും ഇത് നടപ്പിലാക്കുക.

7. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു ലേബർ അതോറിറ്റി രൂപീകരിക്കും.

8. തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് മാത്രമായി ഒരു ഇ. എസ്. ഐ. കോർപ്പറേഷൻ രൂപീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

9. പൂട്ടിയിട്ട തൊഴിൽ ശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കും.

10. തൊഴിൽ രംഗത്തെ അതിപ്രധാനമായ പ്രശ്നങ്ങളിൽ അഭിപ്രായസമന്വയം ഉണ്ടാക്കിയെടുക്കാൻ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളും സർക്കാരും ഉൾപ്പെട്ട ഒരു ത്രികക്ഷി സംവിധാനമായി സംസ്ഥാനതല ലേബർ കോൺഫറൻസ് സംഘടിപ്പിക്കും.

11. കേരളത്തിൽ ബാലവേല നിറുത്തലാക്കും.

12. തൊഴിൽരംഗം കൂടുതൽ ചലനാത്മകമാക്കാനും ലേബർ അജണ്ടയെപ്പറ്റി ബോധവൽക്കരണം നടത്താനുമായി 2000-ആണ്ട് തൊഴിൽ വർഷമായി ആചരിക്കും.

അനുബന്ധം - XV

[19-12-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 60 (267) -ന്റെ 'എ' ഉത്തരം ദയവായി കാണുക]

ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി ചെലവഴിച്ച തുക

ക്രമനമ്പർ	ക്ഷേമനിധി	ചെലവഴിച്ച തുക (രൂപ) (Rs. in lakhs)
(1)	(2)	(3)
1.	കേരള തൊഴിലാളി ക്ഷേമനിധി	1,48,53,181.00
2.	കേരള കളള് വ്യവസായ തൊഴിലാളി ക്ഷേമനിധി.	50,55,32,027.27
3.	കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി.	8,25,51,385.00
4.	കേരള കർഷക തൊഴിലാളി ക്ഷേമനിധി.	14,33,94,108.00
5.	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി.	2,77,17,887.00
6.	കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി(1998-99 വരെ)	19,43,27,000.00
7.	കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി.	61,66,63,482.00
8.	കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി.	1,45,00,455.00
9.	കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി.	13,93,98,302.00
10.	കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി.	32,37,76,220.00

LIBRARY ARCHIVES Kerala Legislative Assembly